# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 198 09.12.2014-ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധിക്ക് കാരണങ്ങൾ

**ചോദ്യം**

ശ്രീ. സാജു പോൾ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
ശ്രീ. എ. പ്രദീപ്കുമാർ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | ചെലവ് നിയന്ത്രിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള ഉന്നതതല കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ അവഗണിച്ചത് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായിട്ടാണ് ആസൂത്രണ ബോർഡ് ചെയർമാൻ അദ്ധ്യക്ഷനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയുടെ അധിക വിഭവ സമാഹരണ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വിവിധ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാരിന് ബാദ്ധ്യതയാകുന്ന അധിക ചെലവുകൾ ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ; എയ്ഡഡ് മേഖലയിൽ പ്ളസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചതുപോലുള്ള നടപടികൾ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കാൻ കാരണമായിട്ടുണ്ടോ ; | അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായിട്ടാണ് സമിതിയെ നിയമിച്ചിരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ തുടങ്ങിയ അടിസ്ഥാന മേഖലകളിൽ പണം ചെലവഴിക്കുന്നത് ബാദ്ധ്യതയായി സർക്കാർ കാണുന്നില്ല. ഇത്തരം മേഖലകളിലെ ചെലവുകൾ അധിക വിഭവ സമാഹരത്തിലൂടെ കണ്ടെത്താനാണ് സർക്കാർ ശ്രമിച്ചുവരുന്നത്. |
| (സി) | സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ ധനകാര്യ വകുപ്പിന്റെ അറിവോടും അനുമതിയോടും കൂടിയാകണമെന്ന ചട്ടം പാലിക്കപ്പെടുന്നുണ്ടോ ; | സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യതകൾ ഉണ്ടാക്കുന്ന തീരുമാനങ്ങൾ എടുക്കുമ്പോൾ ധനകാര്യവകുപ്പിന്റെ അറിവോടും അനുമതിയോടും കൂടിയാകണമെന്ന ചട്ടം കർശനമായി പാലിക്കണമെന്ന് 01.10.2013 ലെ സർക്കുലർ നം. 696/എസ്.സി.1/2013/ജി.എ.(എസ്.സി) പ്രകാരം എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ധനവകുപ്പിന്റെ അനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാവുന്നതാണെന്നും ചട്ടം അനുശാസിക്കുന്നു. |

| | | |
|---|---|---|
| (ഡി) | വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് പിരിച്ചെടുക്കാൻ ബാക്കിയായ തുക മുഴുവനും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; പിരിച്ചെടുക്കാൻ അവശേഷിക്കുന്ന മൊത്തം തുക എത്രയെന്ന് വ്യക്തമാക്കുമോ ? | 19.09.2014 ലെ സ.ഉ. (പി.) നം. 399/2014/ധന ഉത്തരവ് പ്രകാരം റവന്യൂ കുടിശ്ശികകൾ പിരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ഓരോ ജില്ലയിലും മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ മേൽനോട്ട സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചു. 10.11.2014 ലെ സ.ഉ. (പി) നം. 482/2014/ധന പ്രകാരം നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 31.03.2013 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ആകെ 12243.86 കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ടായിരുന്നു. വകുപ്പുതല കണക്കുകൾ പ്രകാരം 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പിരിച്ചെടുക്കേണ്ടിയിരുന്നതുൾപ്പെടെ നിലവിലെ നികുതി കുടിശ്ശിക 12741.96 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ